(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടത്തുന്നതിന് സർക്കാരിന് പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് മൊത്തം എത്ര ലക്ഷം ആളുകൾ കൃഷി ഭൂമി കൈവശക്കാരായി ഉണ്ടെന്നും ഇതിൽ ഒരേക്കറിന് മുകളിലുള്ളവർ, ഒരേക്കറിന് താഴെയുള്ളവർ, എന്നിവരുടെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) 1990 മുതൽ വിവരങ്ങൾ ലഭ്യമായ കാലയളവുവരെ കാർഷിക മേഖലാ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നീ രംഗങ്ങളിൽ കൈവരിച്ച വളർച്ചയും നേരിട്ട തളർച്ചയും എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെൽക്കൃഷിമേഖലയിലെ നിലം ഒരുക്കൽ, ഞാറു നടീൽ, കൊയ്ത്ത്, മെതി, പാറ്റൽ തുടങ്ങിയ രംഗങ്ങളിൽ യന്ത്രവൽക്കരണം നടത്താനുള്ള പദ്ധതികൾ ഉണ്ട്.

(ബി) വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

1. നൂതനവും അനുയോജ്യവുമായ യന്ത്രങ്ങൾ/ഉപകരണങ്ങൾ സ്വായത്തമാക്കുക അവ കർഷകർക്കിടയിൽ പ്രചരിപ്പിക്കുക.

2. നമ്മുടെ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ കാർഷികയന്ത്രങ്ങൾ/ഉപകരണങ്ങൾ പരിഷ്കാരം വരുത്തി പ്രയോഗത്തിൽ വരുത്തുക.

3. പാടശേഖരസമിതികൾ വഴി യന്ത്രവൽക്കരണം നടപ്പിലാക്കുക.

4. ഗ്രാമ പഞ്ചായത്തുകൾ/സഹകരണബാങ്കുകൾ/കർഷകസമിതികൾ കർഷക സൊസൈറ്റികൾ തുടങ്ങിയവയ്ക്ക് പവ്വർ ടില്ലറുകൾ, മെതിയന്ത്രങ്ങൾ ഇവ സൗജന്യമായി നൽകി അവ കർഷകർക്ക് വാടകയ്ക്ക് നൽകുക.

(സി) ഈ വിധത്തിലുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമല്ല. എന്നാൽ സംസ്ഥാനത്ത് മൊത്തത്തിൽ 54.19 ലക്ഷം കൃഷിയിടങ്ങൾ (ഓപ്പറേഷനൽ ഹോൾഡിംഗ്സ്) നിലവിലുണ്ട്. ആയതിനാൽ 50.16 ലക്ഷം കൃഷിയിടങ്ങളും 1 ഹെക്ടറിൽ താഴെ മാത്രം ഉള്ള നാമമാത്ര കർഷകരുടെ പക്കലാണ് (1990-91)-ലെ കാർഷിക കാനേഷുമാരി പ്രകാരം)

(ഡി) 1990-91-ലേയും 1996-97-ലേയും കണക്കുകൾ പരിശോധിക്കുമ്പോൾ മൊത്തം കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 3019980 ഹെക്ടറിൽ നിന്നും 3021224 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. 1990-91 മുതൽ 1997-98 വരെയുള്ള കാലയളവിൽ വിവിധ വിളകളുടെ വിസ്തൃതി ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ കൂടിയും കുറഞ്ഞിട്ടും ഉണ്ട്. 1990-91, 1997-98 വർഷങ്ങളിലെ കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

103 (1835) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഏതൊക്കെ കാർഷിക യന്ത്രങ്ങളാണ് സംസ്ഥാനത്ത് ഉപയോഗിക്കുവാൻ പ്രോത്സാഹനം നൽകുന്നത്;

(സി) കാർഷിക യന്ത്രങ്ങൾ നിർമ്മിക്കുന്ന പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങൾ ഏതെല്ലാം; ഇവ എന്തൊക്കെ നിർമ്മിക്കുന്നു.;

(ഡി) കൂടുതൽ യന്ത്രങ്ങൾ നിർമ്മിക്കുവാനും ഡിസൈൻ ചെയ്യുവാനും മറ്റ് ഏതെങ്കിലും ഏജൻസിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) നെൽക്കൃഷി ഊർജ്ജിത മേഖലകളിൽ കൃഷിക്കാർക്ക് വാടകയ്ക്ക് നൽകാൻ സൗജന്യമായി പവ്വർ ടില്ലറുകളും മെതിയന്ത്രങ്ങളും സഹകരണബാങ്കുകൾ/കർഷക സമിതികൾ/ഹരിജൻ ഗിരിജൻ സൊസൈറ്റികൾ/ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയവക്ക് നൽകി. ആറ് കൊയ്ത്ത് മെതിയന്ത്രങ്ങൾ (കമ്പയിന്റ് ഹാർവെസ്റ്റർ) കർഷകർക്ക് വാടകയ്ക്ക് നൽകാൻ ലഭ്യമാക്കി.

(ബി) പവർടില്ലറുകൾ, ട്രാക്ടറുകൾ, കൊയ്ത്തു യന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ എന്നിവ ഉപയോഗിക്കുവാൻ പ്രോത്സാഹനം നൽകിവരുന്നു. കൂടാതെ കൊയ്ത്ത് മെതിയന്ത്രങ്ങളും വാടകയ്ക്ക് നൽകുന്നുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ

1. കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ (കാംകോ) പവർടില്ലറുകളും കൊയ്ത്ത് യന്ത്രങ്ങളും.

2. റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (റെയിൻകോ)

എ. തേങ്ങാപൊതിയന്ത്രം

ബി. മെതിയന്ത്രം

സി. പാം ക്ലൈമ്പർ

ഡി. റബ്ബർ യോളർ

ഇ. പാറ്റൽ യന്ത്രം

എഫ്. പഴം സംസ്കരണ യന്ത്രം

ജി. ചക്ക പറിക്കുന്നതിനുള്ള ഉപകരണം.

3. മെറ്റൽ ഇൻഡസ്ട്രീസ് (ഷൊർണ്ണൂർ) പണിയായുധങ്ങൾ (ഹാൻഡ് ടൂൾസ്)

4. കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) മെതിയന്ത്രം, കൊപ്രാ ഡ്രൈയർ, പാറ്റ് യന്ത്രം. കൊപ്രാ മോയ്സ്ചർ മീറ്റർ, കോക്കനട്ട് ക്ലൈമ്പർ, ഗാർബേജ് ബിൻസ്, അഗ്രിക്കൾച്ചറൽ ഹാൻഡ് ടൂൾസ്, ട്രെയിലർ, മിസ്റ്റ് ചേമ്പർ.

സ്വകാര്യ സ്ഥാപനങ്ങൾ

1. കുമാർ ഇൻഡസ്ട്രീസ്, എടത്തറ, പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly

എ. പണിയായുധങ്ങൾ

ബി. ഹാൻഡ് പമ്പുകൾ

2. മാലിത്തറ ഫൗണ്ടറി ആന്റ് എഞ്ചിനീയറിംഗ് വർക്സ് കിടങ്ങറ, ചങ്ങനാശ്ശേരി.

പെട്ടിയും പറയും.

3. സ്റ്റാർലിറ്റ് ഗ്രൂപ്പ്, തിരുവനന്തപുരം. പണിയായുധങ്ങൾ

(ഡി) കൂടുതൽ യന്ത്രങ്ങൾ നിർമ്മിക്കുവാൻ കേരളാ ആഗ്രോ മെഷിനറി കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

104 (1836) കാർഷിക ലോൺ

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിക്കാർക്ക് നൽകിയ കാർഷികലോൺ എഴുതിത്തള്ളുകയുണ്ടായോ;

(ബി) എങ്കിൽ എത്ര കോടി രൂപ എഴുതിത്തള്ളി;

(സി) ഇതിന്റെ മാനദണ്ഡം എന്തായിരുന്നു;

(ഡി) കാർഷികലോൺ എഴുതിത്തള്ളുന്നതിനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; എത്രയെണ്ണം നിരസിച്ചു;

(ഇ) എഴുതിത്തള്ളിയ കാർഷികലോണുകളുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എഴുതി തള്ളിയിട്ടുണ്ട്.

(ബി) 57,47,68,952.99 രൂപ എഴുതിത്തള്ളി

(സി) റബ്ബർ പ്ലാന്റേഷൻ പദ്ധതിപ്രകാരം എടുത്തിരുന്ന യാതൊരു സ്ഥാവരജംഗമവസ്തുക്കളും ഇല്ലാത്ത അഞ്ചു പേരുടെ വായ്പതുക ജില്ലാ കളക്ടർമാരുടെ അറിയിപ്പുകളുടെ അടിസ്ഥാനത്തിൽ എഴുതിത്തള്ളി. കുട്ടനാട് വികസന പദ്ധതിയിലും തൃശ്ശൂർ കോൾ വികസന പദ്ധതിയിലും ഉൾപ്പെട്ട മുഴുവൻ കർഷകരേയും അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കി. മണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കായി 'കേരള ലാന്റ് ഡവലപ്പ്മെന്റ് ആക്ട്' പ്രകാരം 1964-65 കാലഘട്ടം മുതൽ 'ലോൺ' ആയി നൽകിയ 75% തുക (ബാക്കി 25% സബ്സിഡി) എത്രയൊക്കെ ശ്രമിച്ചിട്ടും തിരിച്ചു പിടിക്കാൻ കഴിയാത്ത സഹാചര്യത്തിൽ സർക്കാരിന്റെ പതിനഞ്ചിനപരിപാടിയിലൂടെ കിട്ടാക്കടമായി കരുതി എഴുതിത്തള്ളി.

(സി) ആന്റ് (ഡി) റബ്ബർ പ്ലാന്റേഷൻ പദ്ധതിപ്രകാരം വായ്പ എഴുതിത്തള്ളുന്നതിൽ 5 അപേക്ഷകൾ ലഭിച്ചതിൽ ആലപ്പുഴ ജില്ലയിൽ ഒന്നും തൃശ്ശൂർ ജില്ലയിൽ നാലും അപേക്ഷകൾ അനുവദിച്ച് ഉത്തരവായി. കുട്ടനാട് വികസന പദ്ധതിയിലും തൃശ്ശൂർ കോൾ വികസന പദ്ധതിയിലും ഉൾപ്പെട്ട മുഴുവൻ കർഷകരേയും അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലായി കുട്ടനാട് വികസന പദ്ധതിയുടെ 22990-ഉം

LIBRARY ARCHIVES Kerala Legislative Assembly